"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീ. പ്രഭാത് എം.-ന് വൈജ്ഞാനിക - സാഹിത്യ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അനുവാദം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.126/2025/AYUSH തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 21.01.2025 ലെ 60/2024-G4/ഡിഎംഇ നമ്പർ കത്ത്

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ക്ലാർക്ക് ആയ ശ്രീ. പ്രഭാത് എം. -ന് മലയാള ദിനാഘോഷം, ഭരണഘടനാ ദിനം എന്നിവ പോലുള്ള സർക്കാർ പരിപാടികളിലും വകുപ്പുകളിലും സ്ഥാപനങ്ങളിലും ക്വിസ്, പ്രഭാഷണങ്ങൾ എന്നിവ പ്രതിഫലം പറ്റാതെ, സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ട പ്രകാരം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 48, 60, 62, 63 വ്യവസ്ഥകൾ പ്രകാരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രതിഫലം പറ്റുന്നില്ലെന്ന് വകുപ്പ് മേധാവി ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും , ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ക്ലാർക്ക് ആയ ശ്രീ. പ്രഭാത് എം. -ന് വൈജ്ഞാനിക - സാഹിത്യ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
ശ്രീ.പ്രഭാത് .എം , സീനിയർ ക്ലാർക്ക് ,ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ,തിരുവനന്തപുരം (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) ,കേരള ,തിരുവനന്തപുരം
Web & New Media (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 05-03-2025 14:59:00
സെക്ഷൻ ഓഫീസർ